"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വാഴക്കാട് ഗ്രാമപഞ്ചായത്ത്- ആശ വർക്കർമാർക്ക് 2000/- രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള ഭരണ സമിതി തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2123/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.04.2025 ലെ 6/1 നമ്പർ തീരുമാനം
2. വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 ലെ 8/1 നമ്പർ തീരുമാനം
3. 06/05/2025 ലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A3-9825/24 -ാം നമ്പർ കത്ത്

**ഉത്തരവ്**

വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ആശാവർക്കർമാർക്ക് 2000/- രൂപ ഇൻസെന്റീവ് ആയി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും ഇതിനെതിരായി പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനത്തിന് ജീവനക്കാരുടെ സേവന വേതന നിരക്ക് തീരുമാനിക്കുന്നതിനോ അലവൻസുകൾ നൽകുന്നതിനോ സ്വയം തീരുമാനിക്കാൻ നിയമപരമായി പഞ്ചായത്തിന് അധികാരമില്ലായെന്ന് ഭരണ സമിതിയെ അറിയിച്ചുകൊണ്ട് വിയോജനം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത തീരുമാനം പുനഃ പരിശോധിക്കുന്നതിനായി 28.04.2025 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ വീണ്ടും അജണ്ട വെച്ച് ചർച്ച ചെയ്യുകയും ഭരണസമിതി പരാമർശം (2) പ്രകാരം പരാമർശം (1) തീരുമാനം അംഗീകരിക്കുകയും ചെയ്തു. ടി തീരുമാനം നിയമാനുസൃതമല്ലെന്നും, ആയത് പഞ്ചായത്ത് രാജ് ചട്ട പ്രകാരം തീരുമാനമെടുക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 191(ബി) പ്രകാരവും അതിൻപ്രകാരം രൂപീകരിച്ചിട്ടുള്ള 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമം ) ചട്ടങ്ങളിലെ 4-ാം നമ്പർ ചട്ടപ്രകാരവും, 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 191 (2) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചു കൊണ്ടും,

സെക്ഷൻ 191(4) പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 08/04/2025-ലെ 6(1) നമ്പർ യോഗതീരുമാനം നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/229/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 27-08-2025 15:15:48
സെക്ഷൻ ഓഫീസർ